ഉത്തരം

(എ) താരിഫ് പെറ്റീഷൻ തയ്യാറാക്കാൻ ബോർഡിനെ സഹായിക്കുന്നതിനായി ക്രിസിൽ എന്ന ഏജൻസിയുമായി ബോർഡ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി&സി) താരിഫ് പെറ്റീഷൻ സംബന്ധമായ റിപ്പോർട്ട് പ്രസ്തുത ഏജൻസിയുടെ സഹായത്തോടുകൂടി തയ്യാറാക്കുന്ന ജോലി പുരോഗമിച്ചു വരുന്നു. പൂർണ്ണരൂപമായിട്ടില്ല.

(ഡി-ജി) റിപ്പോർട്ട് അന്തിമ രൂപമാകാത്തതിനാൽ ചോദ്യങ്ങൾ പ്രസക്തമല്ല.

(എച്ച്) റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ വാർഷിക ആവശ്യകതാ പെറ്റീഷൻ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ തീയതി നിശ്ചയിച്ചിട്ടില്ല.

(ഐ) കരാർപ്രകാരം ക്രിസിൽ എന്ന കൺസൾട്ടൻസിക്ക് 7,89,000 രൂപ പ്രതിഫലമായി നൽകേണ്ടതുണ്ട്. എന്നാൽ നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല.

വൈദ്യുതി വിതരണം നിർവ്വഹിക്കുന്ന ഏജൻസികൾ

125 (1669) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എം. മുരളി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിനായി എത്ര ഏജൻസികളുണ്ട് ;

(ബി) പ്രസ്തുത ഏജൻസികൾക്ക് എന്തു വിലയ്ക്കാണ് വൈദ്യുതി നൽകുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) അവർ എന്തു വിലയ്ക്കാണ് വൈദ്യുതി വിൽക്കുന്നത് ;

(ഡി) ഇവർക്ക് സ്വന്തമായി ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ ലൈനുകളുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) എങ്കിൽ എത്ര കിലോമീറ്റർ വീതമെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ ഏജൻസികളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിനായി വൈദ്യുതബോർഡിനു പുറമേ നാല് ഏജൻസികളുണ്ട്.

(ബി) പ്രസ്തുത ഏജൻസികളെ രണ്ടു വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും കിട്ടുന്ന വൈദ്യുതിയുടെ പകുതി (50%)യിൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ പൊതുജനങ്ങൾക്കായി വിതരണം ചെയ്യുന്ന ഏജൻസികളെ ജി 1 എന്നും മറ്റ് ഏജൻസികളെ ജി.2 എന്നും തരം തിരിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിനും നിശ്ചയിച്ചിരിക്കുന്ന വൈദ്യുതി നിരക്ക് ചുവടെ ചേർക്കുന്നു.

ജി.1	11 കെ.വി	66 കെ.വി	110 കെ.വി
എ. ഡിമാന്റ് ചാർജ് (പൈസ/കെ.വി.എ)	255	240	225
ബി. എനർജി ചാർജ് (പൈസ/യൂണിറ്റ്)	215	205	205
ജി.2	**11 കെ.വി**	**66 കെ.വി**	**110 കെ.വി**
എ. ഡിമാന്റ് ചാർജ് (പൈസ/കെ.വി.എ)	256	240	225
ബി. എനർജി ചാർജ് (പൈസ/യൂണിറ്റ്)	276	260	260

(സി) ഗവൺമെന്റ് നിശ്ചയിച്ച, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് വിൽക്കുന്ന വിലയ്ക്കു തന്നെയാണ് വിൽക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) വിവരം ലഭ്യമല്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

എം.എൽ.എ. മാരുടേയും എം.പി.മാരുടെയും പ്രാദേശിക വികസന പദ്ധതി ഫണ്ടിന്റെ സഹായത്തോടെ നടത്തുന്ന വൈദ്യുതീകരണ പ്രവർത്തനങ്ങൾ

126 (1670) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.യുടെയും പാർലമെന്റംഗങ്ങളുടെയും പ്രാദേശിക വികസന ഫണ്ടിന്റെ സഹായത്തോടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) എം.പി.മാരും എം.എൽ.എ.മാരും വൈദ്യുതീകരണ പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) എം.പി., എം.എൽ.എ., എൽ.എ.ഡി ഫണ്ടിന്റെ ഗൈഡ് ലൈനിന് വിരുദ്ധമായി ഈ പണം ഡിപ്പോസിറ്റ് ചെയ്താൽ മാത്രമേ പ്രവൃത്തി ആരംഭിക്കൂ എന്ന കെ. എസ്. ഇ. ബി. യുടെ നിലപാട് പുനഃപരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly